©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2026 സെപ്റ്റംബർ 07<br>07th September 2026<br>1202 ചിങ്ങം 22<br>22nd Chingam 1202<br>1948 ഭാദ്രം 16<br>16th Bhadra 1948 | നമ്പർ<br>No. | 2435 |


### കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

### തിരുത്തൽ വിജ്ഞാപനം

നമ്പർ: DE I(1)1313927/2025/EW/Dummy 2 തിരുവനന്തപുരം

തീയതി: 05-09-2026

സൂചന : 1 ജനുവരി 2026 - വകുപ്പുതല പരീക്ഷയുടെ 23.07.2026 തീയതിയിൽ പ്രസിദ്ധീകരിച്ച DE I(1) 1313927/2025/EW നമ്പർ പരീക്ഷാഫല വിജ്ഞാപനം (അസാധാരണ ഗസറ്റ് നമ്പർ 2123, തീയതി 23.07.2026)

2. 04.08.2026 തീയതിയിലെ ബഹു. ചെയർമാന്റെ ഇതേ നമ്പർ ഫയൽ ഉത്തരവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന 1 പ്രകാരമുള്ള ജനുവരി 2026 വകുപ്പുതല പരീക്ഷാഫല വിജ്ഞാപനത്തിൽ സൂചന 2-ലെ ഉത്തരവിൻ പ്രകാരം ചുവടെ ചേർത്തിട്ടുള്ള തിരുത്തലുകൾ വരുത്തി പരീക്ഷാഫല വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

2. സർട്ടിഫിക്കറ്റ്

(a) എന്നാൽ 2011 ജനുവരിക്ക് മുൻപ് പാസായ ഒന്നോ അതിലധികമോ പേപ്പറുകളുണ്ടെങ്കിൽ നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ തന്നെ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2000 ജനുവരി മുതൽ 2010 ജൂലൈ വരെ (രണ്ടു തീയതികളും ഉൾപ്പെടെ) പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പുതല പരീക്ഷ എഴുതി വിജയിച്ച അപേക്ഷാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം വിജയിച്ച പരീക്ഷകളുടെ അഡ്മിഷൻ ടിക്കറ്റുകളും നിശ്ചിത ഫീസ് അടച്ച ചെലാനും ഹാജരാക്കണം. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ട അപേക്ഷാർത്ഥികൾ (2000 ജനുവരി മുതൽ 2010 ജൂലൈ വരെയുള്ള പരീക്ഷകളിൽ വിജയിച്ചവർ) സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റിനുള്ള ഫീസ് കൂടാതെ നഷ്ടപ്പെട്ട ഒരു അഡ്മിഷൻ ടിക്കറ്റിന് പകരമായ അഫിഡവിറ്റിന് 315 രൂപ നിരക്കിൽ 0051 PSC 105 State PSC 99 Fee for Affidavit എന്ന ഹെഡിൽ ഫീസടച്ച ചെലാൻ/ഇ-ചെലാൻ, Affidavit (പരീക്ഷാ ഫലവിജ്ഞാപനത്തിലെ Appendix 3-ലെ IC യും, Appendix 4-ലെ ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയുൾപ്പെടെ) എന്നിവയ്ക്ക് പുറമെ അപേക്ഷാർത്ഥിയുടെ ഫലം ഉൾപ്പെട്ട ഗവൺമെന്റ് ഗസറ്റിന്റെ ബന്ധപ്പെട്ട പേജ് ഓഫീസ് മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഹാജരാക്കണം.

(b) 2000 ജനുവരിയ്ക്ക് മുൻപ് പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷ പാസ്സായ പരീക്ഷാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ, അപേക്ഷയോടൊപ്പം ആ ടെസ്റ്റ് എഴുതുവാൻ കമ്മീഷൻ ആഫീസിൽ നിന്നും അയച്ചിട്ടുള്ള അസ്സൽ അഡ്മിഷൻ ടിക്കറ്റോ, ആയത് നഷ്ടപ്പെട്ടിട്ടുള്ള പക്ഷം റിസൾട്ട് പ്രസിദ്ധീകരിച്ച ഗവ. ഗസറ്റിന്റെ ബന്ധപ്പെട്ട പേജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓഫീസ് മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. 19.05.2023 തീയതിയിലെ ജി.ഒ (എം.എസ്.)നം.9/2023/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പ മേധാവികളും/ നിയമനാധികാരികളും വകുപ്പുതല പരീക്ഷാ സർട്ടിഫിക്കറ്റിന്റെ/ ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത് പകർപ്പെടുക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത ചുവടെ പറയും പ്രകാരമുള്ള ഏതെങ്കിലും രീതിയിൽ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം ആയത് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, പ്രൊമോഷൻ എന്നീ ആവശ്യങ്ങൾക്ക് താൽക്കാലികമായി സ്വീകരിക്കേണ്ടതാണ്.

(I) വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി അധികാരപ്പെട്ട ഉദ്യോഗസ്ഥർ "https://psc.kerala.gov.in/kpsc/certverify.php" എന്ന വെബ്പേജ് സന്ദർശിച്ച് സർട്ടിഫിക്കറ്റ് ഐ.ഡി, സർട്ടിഫിക്കറ്റ് ഉടമയുടെ പേര് എന്നിവ നൽകി പരിശോധിക്കുക.

(ii) ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന സർട്ടിഫിക്കറ്റിന്റെ QR കോഡ് സ്കാൻ ചെയ്ത് പരിശോധിക്കുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## APPENDIX

1. APPLICATION FOR CERTIFICATE OF THE

DEPARTMENTAL TESTS

**(Not applicable to those candidates who have passed all papers of a Departmental Test from January 2011 )**

1.(a) Name (in Capital Letters) :

(b) Official Designation :

(c) Mobile No. :

2. Address (with pincode) to which certificate is to be sent :

3. Male or Female :

4. Name of Test for which Certificates required :

   i)

   ii)

   iii)

   iv)

5. Details of Tests passed :

| Name of Papers or Part | Month & Year of passing the Examination | Register Number |
|---|---|---|

6. Have you produced along with the application all the relevant Admission Tickets/Attendance Certificates :

7. Total value of chalan(s) receipts, Number and Date of chalan (s) :

8. Signature of Candidate :

9. Date of Application :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന 1 പ്രകാരമുള്ള ജനുവരി 2026 വകുപ്പുതല പരീക്ഷാഫല വിജ്ഞാപനത്തിലെ അവസാന item (Item No : 11) ആയ "വകുപ്പുതല പരീക്ഷയുമായി ബന്ധപ്പെട്ട് 1995 ജൂലൈ മുതൽ 2000 ഡിസംബർ വരെയുള്ള കാലയളവിൽ നടത്തിയ പരീക്ഷകളുടെ രേഖകൾ 2009 ജനുവരി 5–ാം തീയതിയിലെ DEI(1)8052/08/EW നമ്പർ ഫയലിലെ ഉത്തരവ് പ്രകാരം നശിപ്പിച്ച സാഹചര്യത്തിൽ 2000 വർഷം വരെ വകുപ്പുതല പരീക്ഷ എഴുതി വിജയിച്ചവർ അസ്സൽ അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പക്ഷം അത്തരം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. " എന്ന പരാമർശം ഒഴിവാക്കുന്നു.

ഉത്തരവിൻ പ്രകാരം,

( ഒപ്പ് )

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

തിരുവനന്തപുരം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.08 12:13:10 +05:30